LIBRARY ARCHIVES Kerala Legislative Assembly

2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iv) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VIII ക്രമപ്രശ്നം

### ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 73 പ്രകാരം സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളുടെ ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രസ്തുത ബിൽ നിയമമാകുന്ന സാഹചര്യത്തിലുണ്ടാകുന്ന ആവർത്തനവും ആവർത്തനേതരവുമായ ചെലവുകളുടെ പ്രതീക്ഷിത കണക്കുകൾകൂടി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് വഹിക്കേണ്ടിവരുന്ന ചെലവുകൾ എത്രയാണെന്നുള്ളതിനെ സംബന്ധിച്ച് പ്രതീക്ഷിത കണക്കുകളോ ആവർത്തനേതരമായ ചെലവുകളോ സംബന്ധിച്ചുള്ള ഒരു വിവരവും നല്കുന്നില്ലെന്നാണ് ഏറ്റവും അത്ഭുതകരം. മാത്രവുമല്ല സഞ്ചിത നിധിയിൽനിന്ന് വഹിക്കേണ്ടതായ ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ സാധിക്കില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് വിവിധ സന്ദർഭങ്ങളിലും വ്യത്യസ്ത കാലഘട്ടങ്ങളിലും ചെയറിൽ ഇരുന്നിട്ടുള്ള മുൻ സ്പീക്കർമാർ ശക്തമായ റൂളിംഗ് നല്കിയിട്ടുള്ളൊരു കാര്യമാണ്. പ്രസ്തുത ബില്ലിന്റെ സെക്ഷൻ 13 പ്രകാരം ബോർഡിൽ നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ശമ്പളവും അലവൻസുകളും

അടക്കമുള്ള ചെലവുകൾ വരുന്നുണ്ട്. കൂടാതെ ബോർഡിന്റെ ചുമതലയുടെ ഭാഗമായിട്ടുള്ള റൂൾ 16-ൽ നിർണ്ണയിച്ചുള്ള പ്രവൃത്തികളും ധനപരമായ ബാദ്ധ്യതകളും ചെലവുകളും അന്തർലീനമായിട്ടുണ്ട്. ഇതടക്കം പ്രസ്തുത ബില്ലിന്റെ ഭാഗമായിട്ടുള്ള ആവർത്തനവും ആവർത്തനേതരവുമായ ചെലവുകൾ കൃത്യമായി പറയാത്തത് തികച്ചും നിരുത്തരവാദപരമായ നടപടിയാണ്. മാത്രവുമല്ല ഈ വിവരങ്ങൾ സഭയിൽ നിന്ന് മറച്ചുപിടിക്കുന്നത് നിയമസഭാ പ്രവർത്തനങ്ങളോടുള്ള അവഹേളനവുമാണ്. 1998-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ സമാനമായ നിലയിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്താത്ത വിഷയം ഈ സഭയിൽ ഉയർന്നുവരികയുണ്ടായി. ആ അവസരത്തിൽ അങ്ങയുടെ മുൻഗാമിയായ ശ്രീ. എം. വിജയകുമാർ സ്പീക്കറായിരുന്ന സന്ദർഭത്തിൽ 1-4-1998-ൽ ഇത് ആവർത്തിക്കാൻ പാടില്ലെന്ന് ശക്തമായ റൂളിംഗ് നൽകുകയുണ്ടായി. അതുപോലെ 2014-ലെ സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ബില്ലിനോടൊപ്പം നൽകിയിരുന്ന ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരമല്ലാത്തതിനാൽ പുതിയ ധനകാര്യ മെമ്മോറാണ്ടം സഭയിൽ വയ്ക്കണമെന്ന ക്രമപ്രശ്നം ഉയർന്നുവന്ന അവസരത്തിലും നിയമസഭാ ചട്ടം അനുശാസിക്കുന്ന പ്രകാരം ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടിയ മതിപ്പു ചെലവ് സഭയെ അറിയിക്കണമെന്നും പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിനുമുമ്പ് അംഗങ്ങളുടെ അറിവിലേയ്ക്ക് സർക്കുലേറ്റ് ചെയ്യണമെന്നും 10-6-2014-ൽ അന്നത്തെ സ്പീക്കറായിരുന്ന ജി. കാർത്തികേയൻ അസാധാരണമായ നിലയിൽത്തന്നെ റൂളിംഗ് നൽകി. പിന്നീട് ഈ സഭ പരിഗണിക്കുന്നതിന് മുമ്പുതന്നെ ധനകാര്യ മെമ്മോറാണ്ടം സർക്കുലേറ്റ് ചെയ്യുവെന്നുള്ളതാണ് സഭയുടെ കീഴ്വഴക്കം. ഒരുപക്ഷേ ശരവേഗത്തിൽ ബില്ലുകൾ ഡ്രാഫ്റ്റുചെയ്ത് പാസ്സാക്കുന്നതു കൊണ്ട് സംഭവിക്കുന്ന ഭവിഷ്യത്തുകളായിരിക്കാം ഇത്. വ്യക്തമായ അവധാനത യില്ലാതെയാണ് ബില്ലുകൾ ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. ഒരു ബിൽ നിയമമായാൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നോ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നോ എത്ര രൂപ ചെലവായി എന്നുള്ളത് സംബന്ധിച്ച് ഒരു രൂപവുമില്ലാതെ ഇങ്ങനെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്താതിരി ക്കുന്നത് ശരിയായ നടപടിയല്ല. 2021 ഫെബ്രുവരി 25-നാണ് കള്ള് വ്യവസായ വികസന ബോർഡ് നിലവിൽ വന്നത്. അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചെലവുകളും സ്വാഭാവികമായി വന്നിട്ടുണ്ട്. ആ കണക്കുപോലും പ്രതീക്ഷിക്കുന്ന ചെലവുകളുടെ ഭാഗമായ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ശരിയായ കാര്യമല്ല, ഇത് സഭയോടുള്ള അനാദരവാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ബില്ലിന്റെ അവതരണത്തിന് അനുമതി നിഷേധിക്കണമെന്നും അഥവാ അങ്ങ് അനുമതി നൽകുകയാണെങ്കിൽ ബിൽ പാസ്സാക്കുന്നതിനുമുമ്പ് ചെലവുകളുടെ വ്യക്തമായ പ്രതീക്ഷിത കണക്കുകൾ ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി സഭയിൽ സർക്കുലേറ്റ് ചെയ്യണമെന്നും ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാന ലിസ്റ്റിൽനിന്നും വഹിക്കേണ്ട ചെലവുകൾ എത്രത്തോളമെന്നത് സംബന്ധിച്ച് പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 73-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നതാണ് ക്രമപ്രശ്നത്തിലെ പ്രധാനപ്പെട്ട കാര്യം. 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ബോർഡിന് നൽകേണ്ട ഗ്രാന്റുകളുടെ തുക സർക്കാർ നിശ്ചയിക്കേണ്ടതായിട്ടുണ്ട്. ഗ്രാന്റോ ധനസഹായമോ ആയി എത്ര തുക ബോർഡിന് നൽകേണ്ടതുണ്ടെന്ന് നിശ്ചയിക്കേണ്ടതിനാൽ മതിപ്പ് ചെലവ് ഇവിടെ മുൻകൂട്ടി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതിനാൽ പ്രതീക്ഷിത കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടം സംബന്ധിച്ച് 07-11-2019-ൽ ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകിയിട്ടുണ്ട്. കീഴ്വഴക്കം അടിസ്ഥാനപ്പെടുത്തി പരിശോധിക്കണം. മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയുന്നപക്ഷം അക്കാര്യം വിശദമായി ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തുക തന്നെയാണ് സഭയുടെ കീഴ്വഴക്കവും ചട്ടവും. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇവിടെ സൂചിപ്പിച്ച പ്രകാരം മതിപ്പ് ചെലവ് മുൻകൂട്ടി വ്യക്തമായി കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അപ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടം ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കം സഭയിൽ സ്വീകരിച്ചിട്ടുണ്ട്. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിലും ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടമാണ് ഉൾപ്പെടുത്തിയിരുന്നത്. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നതാണ്. ഇവിടെത്തന്നെ ഉണ്ടായിട്ടുള്ള ഒരു കാര്യം 2019-ലെ അനുഭവമാണ്. കൂടാതെ യു.ഡി.എഫ്.-ന്റെ തന്നെ ഭരണകാലത്ത് 2012-ൽ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലും അതുപോലെ 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലും സർക്കാരിൽനിന്ന് എത്ര തുക ഗ്രാന്റായി അനുവദിക്കുമെന്നത് ഇപ്പോൾ പറയാൻ സാധിക്കുന്നതല്ല എന്നതിനാൽ ഇതിലേയ്ക്കായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും എത്ര രൂപ ചെലവ് വരുമെന്ന് ഇപ്പോൾ കണക്കാക്കാൻ സാധിക്കുന്നതല്ലെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്. സർക്കാരിൽനിന്നും എത്ര തുക ഗ്രാന്റ്/ ധനസഹായമായി അനുവദിക്കുമെന്ന് മുൻകൂട്ടി പറയാൻ സാധിക്കാത്ത സാഹചര്യത്തിലാണ് 7-11-2019-ലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിൽ പരാമർശിച്ച പ്രകാരമുള്ള 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ, 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ് കോഴിക്കോട് (സംരംഭം വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ, 2015-ലെ കേരള സ്പോർട്സ് ഭേദഗതി ബിൽ എന്നീ ബില്ലുകളിലെ ധനകാര്യ മെമ്മോറാണ്ടത്തിന് സമാനമായ രീതിയിൽ ഈ ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## റൂളിംഗ്

മി. സ്പീക്കർ: ഇന്ന് സഭ പരിഗണിക്കുന്ന 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ഈ ബില്ലിൽ ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും സഭയിലെ മുൻ അനുഭവങ്ങളും ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഈ നിയമം നിലവിൽ വരുന്നതോടുകൂടി അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി കള്ള് വ്യവസായ വികസന ബോർഡിലേക്ക് ധനസഹായങ്ങളും ഗ്രാന്റുകളും നൽകേണ്ടി വരുന്നതാണ്. എന്നാൽ അപ്രകാരം നൽകേണ്ടി വരുന്ന തുക എത്രയാണെന്നതു സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായി വരാവുന്ന ചെലവ് സംബന്ധിച്ച തുക കണക്കാക്കാൻ സാധിക്കുന്നില്ലായെന്ന് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പരാമർശിക്കപ്പെട്ടതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

നമ്മുടെ സഭയിലെ കീഴ്വഴക്കം പരിശോധിച്ചതിൽ ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ധനകാര്യ മെമ്മോറാണ്ടം ഇതേ രൂപത്തിൽ തന്നെയാണ് മുൻകാലങ്ങളിൽ ചേർത്തുവന്നിരുന്നത്. അക്കാരണത്താൽത്തന്നെ അതൊരു അപാകമാണെന്ന് കാണാനാകില്ല. എന്നിരുന്നാലും മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly